(എ) എം.ജി.യൂണിവേഴ്സിറ്റിയുടെ സ്കൂൾ ഓഫ് മെഡിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന ബി.ഫാം കോഴ്സ് എന്നാണ് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിന്റെ ഏതെങ്കിലും ബാച്ചിന്റെ കോഴ്സ് പൂർത്തിയായോ;

(സി) ഈ കോഴ്സിന് ആൾ ഇൻഡ്യാ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷന്റെയും ഫാർമസി കൗൺസിൽ ഓഫ് ഇൻഡ്യയുടെയും മുൻകൂട്ടിയുള്ള അനുമതി ആവശ്യമായിരുന്നുവോ;

(ഡി) ഈ കൗൺസിലുകളുടെ അനുമതി ഈ കോഴ്സുകൾക്ക് നേടാൻ കഴിഞ്ഞിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ ഈ കോഴ്സ് പാസ്സായി വരുന്നവർക്ക് തൊഴിൽ സാദ്ധ്യതയ്ക്ക് എന്തെങ്കിലും ന്യൂനതയുണ്ടാകുമോ; എങ്കിൽ അത് വിശദീകരിക്കുമോ?

ഉത്തരം

(എ) - (ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

81 (1297) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കൽ അദ്ധ്യാപകരുടെ അഭാവവും, ലാബറട്ടറിയുടെയും, ലൈബ്രറിയുടെയും, അപര്യാപ്തതയും വിദ്യാർത്ഥികളുടെ പഠനത്തെ കാര്യമായി ബാധിക്കുന്ന പ്രശ്നങ്ങളാണ് എന്ന് കാണിച്ച് വിദ്യാർത്ഥി സംഘടനകൾ സംയുക്തമായി അയച്ച പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പരാതിയിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അദ്ധ്യാപകരുടെ ഒഴിവുകൾ നികത്താനും, ലാബിന്റെയും ലൈബ്രറി മുതലായവയുടെയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുവാനും വേണ്ട നടപടി സ്വീകരിച്ചു വരുന്നു.

82 (1299) ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ ട്രാൻസ്ഫർ

ശ്രീ. എ. അലിഹസ്സൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് കോളേജ് അദ്ധ്യാപകരുടെ ട്രാൻസ്ഫർ നോംസ് അനുസരിച്ച് ഹോം സ്റ്റേഷൻ സർവ്വീസ് കണക്കാക്കുന്നതിനുള്ള ദൂരപരിധി എത്ര എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സർവീസ് മാനുവലിലെ ചട്ടം 93 (എ) അതനുസരിച്ചുള്ള ഹെഡ് ക്വാർട്ടേഴ്സിന്റെ പതിനഞ്ച് കിലോ മീറ്ററിനുള്ളിൽ താമസിക്കണമെന്ന വ്യവസ്ഥ കോളേജ് അദ്ധ്യാപകർക്കും ബാധകമാണോ;

(സി) ഗവൺമെന്റ് കോളേജ് അദ്ധ്യാപകർക്ക് ഹോം സ്റ്റേഷൻ ഓപ്ട് ചെയ്യാൻ പ്രത്യേക വ്യവസ്ഥയുണ്ടോ; എങ്കിൽ എത്രയെന്ന ഓപ്ഷനും റീ ഓപ്ഷനും നടത്താമെന്ന് വ്യക്തമാക്കുമോ;

(ഡി) ട്രാൻസ്ഫർ നോംസ് അനുസരിച്ച് ഹോം സ്റ്റേഷൻ കണക്കാക്കുന്നതിന് എത്ര കിലോമീറ്റർ ദൂരമുണ്ടെന്ന് കാണിക്കുന്ന സർട്ടിഫിക്കറ്റ് നൽകാൻ ചുമതലപ്പെടുത്തിയിരിക്കുന്ന ഉദ്യോഗസ്ഥൻ ആരാണെന്നും ഏത് ഡിപ്പാർട്ട്മെന്റാണെന്നും വ്യക്തമാക്കുമോ;

(ഇ) രണ്ട് അദ്ധ്യാപകർ വ്യത്യസ്തമായ ദൂര സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയാൽ ദൂരത്തിന്റെ കാര്യത്തിൽ അവസാന തീരുമാനം നിശ്ചയിക്കുന്നത് ഏത് ഡിപ്പാർട്ട്മെന്റാണെന്ന് അറിയിക്കുമോ;

(എഫ്) ദൂരം കണക്കാക്കുന്നതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ഒഴികെയുള്ള ജില്ലകളിൽ ഹോം സ്റ്റേഷനിൽ നിന്നും/വാസസ്ഥലത്തു നിന്നും 35 കിലോമീറ്ററിനുള്ളിൽ വരുന്ന ദൂരമാണ് ഹോം സ്റ്റേഷൻ സർവ്വീസിനായി കണക്കാക്കുന്ന ദൂരം. തിരുവനന്തപുരം ജില്ല ഓപ്ട് ചെയ്തവർക്ക് മുകളിൽ പറഞ്ഞിരിക്കുന്ന ദൂരപരിധി ബാധകമല്ല.

(ബി) ബാധകമാണ്.

(സി) ഹോം സ്റ്റേഷൻ ഓപ്ട് ചെയ്യാൻ വ്യവസ്ഥയുണ്ട്. ഓപ്ട് ചെയ്താൽ രണ്ടു പ്രാവശ്യം മാറ്റാവുന്നതാണ്.

(ഡി)-(എഫ്) സർട്ടിഫിക്കറ്റ് നൽകേണ്ട ഉദ്യോഗസ്ഥനെപ്പറ്റി ട്രാൻസ്ഫർ നോംസിൽ പ്രത്യേകം പരാമർശിച്ചിട്ടില്ല. ദൂരത്തെപ്പറ്റി സംശയം ഉണ്ടാകുന്ന ഘട്ടങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെ അഭിപ്രായം അരായുകയാണ് പതിവ്.

83 (1300) കണ്ണൂർ സർവ്വകലാശാലയുടെ കാഞ്ഞങ്ങാട് സെന്ററിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ സർവ്വകലാശാലയുടെ കീഴിൽ കാഞ്ഞങ്ങാട് സെന്റർ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) സെന്ററിന്റെ നിർമ്മാണ പ്രവർത്തനം എപ്പോൾ ആരംഭിച്ച് എന്ന് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) വിശദ വിവരം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly